# കൃഷി വകുപ്പ്

## ദർഘാസ് പരസ്യം

നം.എഇ(3)404/2015

കേരള ഗവർണർക്കുവേണ്ടി കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ്, എറണാകുളത്തിന് 2015-16 സാംപത്തിക വർഷത്തിൽ അംഗീകരിച്ചു കിട്ടിയിട്ടുള്ള താഴെ പറയുന്ന പ്രവർത്തിക്ക് നിശ്ചിത യോഗ്യതയുള്ള അംഗീകൃതകരാറുകാരിൽ/ഏജൻസികളിൽ നിന്ന് മത്സരസ്വഭാവമുള്ള ദർഘാസുകൾ മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. കവറിൻെറ പുറത്ത് പ്രവർത്തിയുടെ പേര് എഴുതിയിരിക്കേണ്ടതാണ്, ദർഘാസുകൾ 3.9.15 തിയതി വൈകുന്നേരം രണ്ടുമണിവരെ രജിസ്റ്റേർഡ് തപാൽ മുഖാന്തിരം സ്വീകരിക്കുന്നതും അന്നേ ദിവസം 3.30ന് ഹാജരുള്ള കരാറുകാരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്, പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമായാൽ അടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്, പ്രവർത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരതദ്രവ്യം | ദർഘാസ് ഫാറത്തിൻെറ വില | പ്രവർത്തി പൂർത്തീകരിക്കേണ്ട കാലാവധി |
|---|---|---|---|---|
| 1 | നംപർ എഇ(3)404/2015<br>കോക്കനെട്ട് നഴ്സറി വൈറ്റിലയിൽ നിലവിലുള്ള കുളത്തിൻെറ പുനരുദ്ധാരണം<br>അടങ്കൽ തുക 50000.00 | 1250/ | 300 + Vat | 1 മാസം |
| 2 | നംപർ എഇ(3)404(A)2015<br>കോക്കനെട്ട് നഴ്സറി,<br>**വൈറ്റിലയിൽ ഹാർഡനിംഗ് യൂണിറ്റിൻെറ** നിർമ്മാണം<br>അടങ്കൽ തുക 430000.00 | 10800 | 900+Vat | 2 മാസം |

ദർഘാസ് പ്രമാണം നെട്ടൂരിലുളള മരട് കാർഷിക അർബൻ മൊത്ത വിപണന മാർക്കറ്റിനോട് അനുബന്ധിച്ചുളള എറണാകുളം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും 1.9.15ന് ഒരു മണി വരെ ലഭിക്കുന്നതാണ്, ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുളള അപേക്ഷ സമർപ്പിക്കേണ്ടതും നിശ്ചിത വില നികുതിയടക്കം ഈ ഓഫീസിൽ അടച്ച് രശീത് വാങ്ങേണ്ടതുമാണ്, ദർഘാസ് പ്രമാണത്തിന്റെ അധിക പകർപ്പിന് വിൽപന നികുതിയടക്കം പ്രത്യേക വില അടക്കേണ്ടതാണ് ദർഘാസ് പത്രികയുടെ വില യാതൊരു കാരണവശാലും മടക്കികൊടുക്കുന്നതല്ല.

ദർഘാസ് പത്രിക അംഗീകൃതകരാറുകാർക്ക് മാത്രം ലഭിക്കുന്നതും അത് കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതുമാണ്, പൂരിപ്പിച്ച ദർഘാസിനോടൊപ്പം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (കൃഷി) എറണാകുളത്തിന്റെപേരിൽ നിശ്ചിതതുകയ്ക്കുളള നിരതദ്രവ്യവും ദർഘാസിന് 500 രൂപയുടെ മുദ്രപത്രത്തിൽ പ്രിലിമിനറി കരാറും സമർപ്പിക്കേണ്ടതാണ്, പൊതുമരാമത്ത് വകുപ്പിൽ ദർഘാസിനെ സംബന്ധിച്ച നിലവിലുളള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്, ക്രമ നംപർ 2ന് പ്രസ്തുത പ്രവർത്തിയുടെ ചെയ്യുന്നതിന്റെ 5 വർഷത്തെ മുൻപരിചയം വേണം, കൂടാതെ മുൻപരിചയം തെളിയിക്കുന്ന രേഖ ദർഘാസിനോടൊപ്പം ഹാജരാക്കണം. ദർഘാസുകൾ യാതൊരുകാരണവും കൂടാതെ നിരസിക്കുവാനുളള അധികാരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എറണാകുളത്തിന് ഉണ്ടായിരിക്കുന്നതാണ്,

Sailaja

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ
എറണാകുളം

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം
നെട്ടൂർ, എറണാകുളം - 682 040
തിയതി 3.8.15

പകർപ്പ്: ജില്ലാ പഞ്ചായത്ത്, എറണാകുളം
പ്രിൻസിപ്പൽ കൃഷി ഓഫീസർ,എറണാകുളം
ഫാം ഓഫീസ്, മരട്
(CN) എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസ്,ആലപ്പുഴ
നോട്ടീസ് ബോർഡ്

OFFICE OF THE ASSISTANT EXECUTIVE ENGINEER (AGRI) ERNAKULAM MARADU